"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - പൊതു വിതരണത്തിനാവശ്യമായ ഫോട്ടോകോപ്പിയിങ് പേപ്പർ, എസ്.എസ്.എൽ.സി, വി.എച്ച്.എസ്.സി. പരീക്ഷ ഉത്തര കടലാസ്, എന്നിവയുടെ അച്ചടിക്ക് ആവശ്യമായ വിവിധ തരം പേപ്പറുകൾ വാങ്ങുന്നതിനായി പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.92/2022/SPD തീയതി,തിരുവനന്തപുരം, 22-12-2022

---

പരാമർശം:-

1. 16/09/2022-ലെ സ.ഉ.(സാധാ) 55/2022/എസ്.പി.ഡി നമ്പർ ഉത്തരവ്.
2. 27/09/2022-ലെ സ.ഉ.(സാധാ) 57/2022/എസ്.പി.ഡി നമ്പർ ഉത്തരവ്.
3. സ്റ്റേഷനറി കൺട്രോളറുടെ 02/11/2022-ലെ 1440/ബി1/2022/സ്റ്റേ നമ്പർ കത്ത്.
4. സ്റ്റേഷനറി കൺട്രോളറുടെ 21/11/2022-ലെ 1519/ബി1/2022/സ്റ്റേ നമ്പർ കത്ത്.
5. സ്റ്റേഷനറി കൺട്രോളറുടെ 21/11/2022-ലെ 1521/ബി1/2022/സ്റ്റേ നമ്പർ കത്ത്.
6. 30.11.2022-ലെ ഡിപിസി യോഗനടപടി കുറിപ്പ്.

**ഉത്തരവ്**

പൊതു വിതരണത്തിനാവശ്യമായ ഫോട്ടോകോപ്പിയിങ് പേപ്പർ (80 ജി.എസ്.എം, എ 4), എസ്.എസ്.എൽ.സി, വി.എച്ച്.എസ്.സി പരീക്ഷ ഉത്തരക്കടലാസുകൾക്കായുള്ള മാപ് ലിത്തോ പേപ്പർ 200 മെ. ടൺ, (75 ജി.എസ്.എം 86 സെ.മീ,) 15,000 റീം മാപ് ലിത്തോ പേപ്പർ (75 ജി.എസ്.എം. ആർ.എ1,) എന്നിവ വാങ്ങുന്നതിന് വകുപ്പ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി അധികരിക്കുന്നതിനാലും, രണ്ട് കോടി രൂപയ്ക്കു മുകളിലുള്ള പർച്ചേസ് ആയതിനാലും ഡി.പി.സിയുടെ അനുമതി ആവശ്യമാണെന്നും, ആയതിനാൽ അടിയന്തിരമായി ഡി.പി.സി യുടെ പരിഗണനയ്ക്ക് സമർപ്പിച്ചു് പർച്ചെയ്സ് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (3,4,5) പ്രകാരം സ്റ്റേഷനറി കൺട്രോളർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിപ്പാർട്ട്മെന്റൽ

പർച്ചേസ് കമ്മിറ്റിയുടെ, പരാമർശം 6 പ്രകാരമുള്ള ശിപാർശയുടെ കൂടി അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം, സ്റ്റേഷനറി വകുപ്പിന്റെ "2058-00-101-99-24 M&S" എന്ന ശീർഷകത്തിൽ നിന്നും നിശ്ചിത തുക ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം വിവരം | എൽ 1 ബിഡർ | അളവ് | തുക |
|---|---|---|---|---|
| 1 | ഫോട്ടോകോപ്പിയിംഗ് പേപ്പർ (80 ജിഎസ്എം എ4) | മെ.വി.പി. ബ്രദേഴ്സ് | റീമിന് 274.40/- രൂപ നിരക്കിൽ 2,60,344 റീം | 7,14,38,394/- (ഏഴു കോടി പതിനാലു ലക്ഷത്തി മുപ്പത്തി എട്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാലു രൂപ മാത്രം) രൂപ |
| 2 | ഉത്തരക്കടലാസുകൾക്കായുള്ള മാപ് ലിത്തോ പേപ്പർ (75 ജി.എസ്.എം. 86 സെ.മീ.) | മെ. ഭാരത് ട്രേഡിംഗ് കമ്പനി, മുംബൈ | മെ.ടണ്ണിന് 1,09,645.76/- രൂപ നിരക്കിൽ 177.8 മെ. ടൺ | 1,94,95,016/- (ഒരു കോടി തൊണ്ണൂറ്റി നാലു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി പതിനാറ് രൂപ മാത്രം) രൂപ |
| 3 | ഉത്തരക്കടലാസുകൾക്കായുള്ള മാപ് ലിത്തോ പേപ്പർ, (75 ജി.എസ്.എം, ആർ.എ 1) | മെ. ഭാരത് ട്രേഡിംഗ് കമ്പനി | റീമിന് 2,159.99/- രൂപ നിരക്കിൽ 13,333 റീം | 2,87,99,147/-(രണ്ട് കോടി എൺപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
പൊതുവിദ്യാഭ്യാസ വകുപ്പ്.
വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Bindu V K
Date: 22-12-2022 14:08:28

സെക്ഷൻ ഓഫീസർ